**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **08-12-2022 - ൽ മറുപടിയ്ക്ക്**

**ക്ലാരി ഗവൺമെന്റ് യു.പി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് പഞ്ചായത്തിലെ ക്ലാരി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഈ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും ഡയറക്ടർക്കും നൽകിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **ക്ലാരി ഗവൺമെന്റ് യു.പി. സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന തിനായി എം.എൽ.എ നൽകിയ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. എന്നാൽ, കെട്ടിട നിർമ്മാണത്തി നായി 98 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സ്കൂൾ പ്രഥമാധ്യാപകൻ 2021-22 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. ബജറ്റ് വിഹിതത്തിലെ പരിമിതികാരണം ടി സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുകയുണ്ടായിട്ടില്ല.** |
| (ബി) | പ്രസ്തുത സ്കൂളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളും അവയുടെ വർഷവും ഇനം തിരിച്ച് നൽകുമോ; | (ബി) | **ക്ലാരി ഗവൺമെന്റ് യു.പി. സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (സി) | ഈ പ്രവൃത്തിക്ക് അനുവദിച്ച തുകകൾ സർക്കാർ ഫണ്ട്, എം.പി ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയ ഏത് വിഭാഗത്തിൽപെടുന്നതാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ? | (സി) | **ക്ലാരി ഗവൺമെന്റ് യു.പി. സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ഫണ്ടിന്റെ വിവരം | വർഷം | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് | 2012-13 | 100 | നിർമ്മാണം പൂർത്തിയായി |
| 2 | എം.പി.ഫണ്ട് | 2012-13 | 40 | നിർമ്മാണം പൂർത്തിയായി |
| 3 | എം.എൽ.എ ഫണ്ട് | 2017-18 | 25 | നിർമ്മാണം പൂർത്തിയായി |
| 4 | കിഫ്ബി | 2018-19 | 300 | നിർവഹണ ഏജൻസിയായ കില സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ